പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 895 — 11.06.2014 ന് മറുപടിയ്ക്ക്.

## ഇളമാട് ഐ.ടി.ഐ. കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഇളമാട് ഐ.ടി.ഐ.യുടെ പ്രവർത്തനം സുഗമമാക്കുന്നതിനു വേണ്ടി അനുവദിച്ചുത്തരവായ കെട്ടിട നിർമ്മാണ പ്രവർത്തനം ത്വരിത ഗതിയിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;<br><br>(ബി) ഇതിന്റെ നിലവിലുള്ള അവസ്ഥ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ? | ***(എ) & (ബി)*** ഇളമാട് ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറിയ ഭൂമി '2008 ലെ തണ്ണീർതട സംരക്ഷണ നിയമ'ത്തിന്റെ പരിധിയിൽപ്പെട്ടതായിരുന്നതിനാൽ പണി ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് (എം.എസ്) നം.351/13/കൃഷി തീയതി 9.12.2013 പ്രകാരം ടി തടസ്സത്തിൽ നിന്നും ടി ഭൂമി സർക്കാർ ഒഴിവാക്കിയ സാഹചര്യത്തിൽ കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പി.ഡബ്ല്യൂ.ഡി സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും, ട്രെയിനിംഗ് ഡയറക്ടർ കത്ത് അയച്ചിട്ടുണ്ട്. ടി കെട്ടിട നിർമ്മാണത്തിന് പി.ഡബ്ല്യൂ.ഡി അധികൃതർ റീ-ടെൻഡർ ക്ഷണിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ